പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3281 10.12.2018 ൽ മറുപടിയ്ക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

**ചോദ്യം**
**ശ്രീ.എം. വിൻസെന്റ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | 2018-19 സാമ്പത്തിക വർഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) ഇല്ല. 2011 ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക – സാമ്പത്തിക ജാതി സെൻസസിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവന രഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങളും, Panchayat / Municipality / Corporation എന്നിവ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത, ഭവന രഹിതരുടെ പട്ടികയും അടിസ്ഥാനമാക്കിയാണ് കേരളത്തിലെ മുഴുവൻ ഭൂരഹിത – ഭവനരഹിതർക്ക് മാന്യവും സുരക്ഷിതത്ത്വത്തോടെയുള്ള ഭവന സംവിധാനത്തിനായി ആവിഷ്കരിച്ചിരിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) നടപ്പിലാക്കുന്നത്. ആയതിനാലാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തത്. |
| (ബി) | അടുത്ത സാമ്പത്തിക വർഷം ഈ ഇനത്തിൽ എന്തെങ്കിലും തുക നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ? | (ബി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ